**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **T 2037**

**06.02.2019 ൽ**
**മറുപടിയ്ക്ക്**

## നെയ്യാറ്റിൻകരയിൽ കുടുംബകോടതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ആൻസലൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി തുടങ്ങുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ: | (എ) യും (ബി) യും (സി) യും (ഡി) യും | നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28.6.2013 ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29.9.2015 ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രോപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. ആയതുപ്രകാരം 30 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ പ്രോപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ staff pattern ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ല എന്ന് സർക്കാർ വിലയിരുത്തി. ഈ വിഷയം ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെട്ടത് അനുസരിച്ച് ഹൈക്കോടതി രജിസ്ട്രാർ 28.3.2016 ൽ ഒരു റിപ്പോർട്ട് കൂടി നൽകി. പ്രസ്തുത റിപ്പോർട്ടിൽ നെയ്യാറ്റിൻകരയിൽ Womens Cell പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കോടതി സ്ഥാപിക്കാനുള്ള സ്ഥലവും കെട്ടിടവും |
| (ബി) കുടുംബകോടതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ: | | |
| (സി) കുടുംബകോടതിയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര ജീവനക്കാരുടെ സേവനമാണ് കുടുംബകോടതിയ്ക്ക് ആവശ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ: | | |
| (ഡി) കോടതിയ്ക്ക് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ എന്നും എവിടെയാണ് സ്ഥലം ലഭിച്ചതെന്നും വ്യക്തമാക്കാമോ? | | |

ലഭ്യമാണെന്നും അവിടെ കോടതി സ്ഥാപിക്കാൻ ആകുമെന്നും റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ Womens Cell പ്രവർത്തിക്കുന്ന കെട്ടിടം കോടതി സ്ഥാപിക്കുവാൻ ലഭ്യമാകുന്നതിനെ സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ആരാഞ്ഞു. പോലീസ് മേധാവി നൽകിയ റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ G.O.(Rt) No.464/16/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ ക്യാമ്പ് പ്രവർത്തിച്ചു വരുന്നതെന്നും നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചു വരുന്ന വനിത സഹായ സെൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റി സ്ഥാപിച്ചാൽ ആയതിന് പകരമായി മറ്റ് സ്ഥലങ്ങൾ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ നെയ്യാറ്റിൻകരയിൽ ഫാമിലി കോടതി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമല്ല എന്ന അവസ്ഥ ആണ് ഉള്ളത്. നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർദ്ദേശിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും റിപ്പോർട്ട് ഇതുവരെ സർക്കാറിൽ ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കുടുംബകോടതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ